III.ഇ.ബി../XII-കേരള നിയമസഭ/II-9.

# പന്ത്രണ്ടാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

**2006 ഒക്ടോബർ 4, ബുധൻ**

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം (* 301, *302 & * 303) സഭയിൽ ഉന്നയിക്കപ്പെടുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

II. അടിയന്തിര പ്രമേയം

നിയമവിരുദ്ധമായി അന്യസംസ്ഥാന പേപ്പർ ലോട്ടറികൾ സംസ്ഥാനത്ത് വിൽക്കപ്പെടുന്നതുമൂലം സംസ്ഥാന ലോട്ടറികളുടെ വില്പന അനുദിനം കുറഞ്ഞുകൊണ്ടിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ.വി.ഡി. സതീശനും മറ്റ് മൂന്ന് അംഗങ്ങളും ചേർന്ന് നൽകിയ അടിയന്തിരപ്രമേയ നോട്ടീസിന് മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

III. ശ്രദ്ധ ക്ഷണിക്കൽ

(1) കൊച്ചിയിലെ അടിസ്ഥാനസൗകര്യ രംഗത്ത് ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീക രിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ.കെ.ബാബു മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മുഖ്യമന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) സംസ്ഥാനത്തെ ഇ.എസ്.ഐ. ഡിസ്പെൻസറികളിലെ ഡോക്ടർമാ രുടെ ഒഴിവുകൾ നികത്തി അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ട തിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ.എ.എ. അസീസ് തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

IV. ക്രമപ്രശ്നം

നെയ്യാറിലെ വെള്ളം തമിഴ്നാടിന് കൊടുക്കുന്നതിന് തീരുമാന മെടുത്തുകൊണ്ട് കേരള മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തെഴുതു കയും അതേക്കുറിച്ച് പത്രക്കാരോട് വിശദീകരിക്കുകയും ചെയ്തത് നിയമ സഭയോടുള്ള അനാദരവാണെന്നും നിയമസഭ സമ്മേളിച്ചുകൊണ്ടിരിക്കുന്ന അവസരങ്ങളിൽ നയപരമായ കാര്യങ്ങൾ ആദ്യം നിയമസഭയെ അറിയിക്കുന്നതിനുപകരം സഭയ്ക്കു പുറത്ത് പത്രലേഖകരോട് വിശദീകരി ച്ചത് ഉചിതമായ നടപടിയല്ലെന്നും 2003–ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 30–ാം വകുപ്പിലെ വ്യവസ്ഥകളുടെ ലംഘനമാ ണെന്നും ശ്രീ.കെ.എം. മാണി ക്രമപ്രശ്നം വഴി ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തുകയും പ്രകാരം പത്രപ്രസ്താവന നടത്തുന്നതിനും തമി

ഴ്നാട് മുഖ്യമന്ത്രിക്ക് കത്തെഴുതുന്നതിനും  ഇടയാക്കിയ സാഹചര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിക്കുകയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അതേക്കുറിച്ച് അഭിപ്രായം പറയുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നത്തിന് പ്രസക്തിയില്ലെന്നും ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്നും ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

V. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

മുല്ലപ്പെരിയാർ, പറമ്പിക്കുളം–ആളിയാർ നദീജല കരാറുകളുടെ പുനരവലോകനവും നെയ്യാറിലെ ജലം തമിഴ്നാടിന് കൊടുക്കുന്നതും സംബന്ധിച്ച കാര്യങ്ങൾ 2003–ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിലെ  വ്യവസ്ഥയനുസരിച്ച് നിയമസഭ പ്രമേയം പാസ്സാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് മുഖ്യമന്ത്രി പ്രസ്താവന നടത്തി.

VI. സബ്മിഷൻ

(1) വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ പദ്ധതി നടപ്പാക്കുമ്പോൾ ഫോർട്ട് കൊച്ചി തീരദേശം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.സി.എം. ദിനേശ്മണി ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(2) കരിപ്പൂർ വിമാനത്താവളത്തിലെ യാത്രക്കാർ നേരിടുന്ന വിഷമതകൾ സംബന്ധിച്ച് ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(3) കാളിയാർ എസ്റ്റേറ്റ് സ്വകാര്യവ്യക്തികൾക്ക് നൽകുവാനുള്ള തീരുമാനം സംബന്ധിച്ച് ശ്രീ.പി.സി. ജോർജ് ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(4) സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകളിൽ നികുതി പിരിവിന് ജനകീയ ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നത് സംബന്ധിച്ച് ശ്രീ.കെ.സി. ജോസഫ് ഉന്നയിച്ച സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകി.

(5) തിരൂർ–പൊന്നാനി പുഴയിലെ കൂട്ടായി റഗുലേറ്റർ കം–ബ്രിഡ്ജിന്റെ പണി പൂർത്തിയാക്കുന്നതു സംബന്ധിച്ച് ശ്രീ.പി.പി. അബ്ദുള്ളക്കുട്ടി ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(6) കേരളത്തിന്റെ ആവശ്യമനുസരിച്ചുള്ള ഒരു കാർഷിക പാക്കേജ് ലഭ്യമാകാത്തത് സംബന്ധിച്ച് ശ്രീ. രാജു എബ്രഹാം ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

(7) മേപ്പാടി ഫോറസ്റ്റ് റെയിഞ്ചാഫീസ് പരിസരത്തുനിന്ന് ചന്ദനമരങ്ങൾ മോഷണം പോയത് സംബന്ധിച്ച് ശ്രീ.സി.പി. മുഹമ്മദ് ഉന്നയിച്ച സബ്മിഷന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മറുപടി നൽകി.

(8) ചാലക്കുടി ഡിവൈൻ ധ്യാനകേന്ദ്രത്തിന്റെ പ്രവർത്തനം പോലീസ് തടസ്സപ്പെടുത്തുന്നത് സംബന്ധിച്ച് ശ്രീ.ബി.ഡി. ദേവസ്സി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(ഈ വിഷയം സംബന്ധിച്ച് ശ്രീ.കെ.എം. മാണിയും സബ്മിഷന് നോട്ടീസ് നൽകിയിരുന്നു.)

(9) വർക്കല പാപനാശത്ത് അനധികൃതമായി നടക്കുന്ന തുരങ്ക നിർമ്മാണത്തെ സംബന്ധിച്ച് ശ്രീ. വർക്കല കഹാർ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(10) പ്രാദേശിക പത്രപ്രവർത്തകർക്കും സ്റ്റുഡിയോ ഫോട്ടോഗ്രാഫർമാർക്കും ക്ഷേമനിധി ആരംഭിക്കുന്നത് സംബന്ധിച്ച് ശ്രീ.കെ.വി.

അബ്ദുൾ ഖാദർ ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പു മന്ത്രി മറുപടി നൽകി.

(11) വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ സെലക്ഷന്റെ ഭാഗമായ തൃശൂർ പോലീസ് അക്കാഡമിയിൽ നടന്ന വൈദ്യപരിശോധനയ്ക്ക് ഹാജരായ വനിതകളെ ഉടുതുണി അഴിച്ച് വൈദ്യപരിശോധന നടത്തി അപമാനിച്ചതു സംബന്ധിച്ച് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(വനിതകളെ വൈദ്യപരിശോധനയ്ക്കായി മെഡിക്കൽ ബോർഡിന്റെ മുമ്പിൽ ഹാജരാക്കിയാൽ അവരെ പരിശോധിക്കുന്നത് ഭാവിയിൽ വനിതാ ഡോക്ടർമാരടങ്ങുന്ന മെഡിക്കൽ ബോർഡായിരിക്കുമെന്ന് സഭയ്ക്ക് ഉറപ്പ് നൽകണമെന്ന് പ്രതിപക്ഷനേതാവും ആവശ്യപ്പെട്ടു.)

(12) എക്സൈസ് റെയ്ഡ്കാരെ കണ്ട് ഭയന്നോടിയ കോതമംഗലത്തെ മാത്തൻ മകൻ കുറുപ്പ് എന്നു വിളിക്കുന്ന ബൈജു ഭൂതത്താൻകെട്ട് ഡാമിന്റെ ക്യാച്ചമെന്റ് ഏരിയായിൽ വീണ് മരണപ്പെട്ടത് സംബന്ധിച്ച് ശ്രീ.കെ. ബാബു ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി

## VII. മേശപ്പുറത്ത് വച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനമനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്ത് വച്ചു.

## VIII. റിപ്പോർട്ട് സമർപ്പണം

2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി

റിപ്പോർട്ടും ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

IX. ധനകാര്യം:

**<u>2006–2007 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>**

വൈദ്യസഹായ രംഗവും  പൊതുജനാരോഗ്യവും എന്ന XVIII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 578,26,84,000 രൂപയും കുടുംബക്ഷേമം എന്ന XIX–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 47,50,00,000 രൂപയും 2006-2007 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ആരോഗ്യവും സാമൂഹ്യക്ഷേമവും  വകുപ്പു മന്ത്രി ശ്രീമതി പി..കെ. ശ്രീമതി ടീച്ചർ അവതരിപ്പിക്കുകയും ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

XVIII, XIX  എന്നീ നമ്പർ ധനാഭ്യർത്ഥനകളിന്മേലുള്ള സബ്ജക്ട് കമ്മിറ്റി ശുപാർശകൾ സംബന്ധിച്ച പ്രസ്താവന ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്ത് വച്ചു.

സർവ്വശ്രീ ജോർജ് മേഴ്സിയർ, കെ.സി. വേണുഗോപാൽ, പി.സി. വിഷ്ണു നാഥ്, വി.ഡി. സതീശൻ, കെ.സി. ജോസഫ്, എം. മുരളി, ടി.എൻ.പ്രതാപൻ, തേറമ്പിൽ രാമകൃഷ്ണൻ, എം.എ. വാഹീദ്, എ.പി. അനിൽകുമാർ, എം.ഉമ്മർ, കെ.കെ. ഷാജു, സി.ടി. അഹമ്മദ് അലി, വി.കെ. ഇബ്രാഹിം കുഞ്ഞ്, പി.കെ. അബ്ദുറബ്ബ്, തോമസ് ചാണ്ടി, ജോസഫ് എം. പുതുശ്ശേരി, തോമസ്

ചാഴികാടൻ, കെ.ബാബു, ആര്യാടൻ മുഹമ്മദ്, എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ധനാഭ്യർത്ഥന ചർച്ചയിൽ താഴെപ്പറയുന്ന അംഗങ്ങൾ പങ്കെടുത്തു:

(1) ശ്രീ.കെ. ശിവദാസൻ നായർ

(2) ശ്രീ. പി. ജയരാജൻ

(3) ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്

(4) ശ്രീ. പള്ളിപ്രം ബാലൻ

(5) ശ്രീ. തോമസ് ചാഴികാടൻ

(6) ശ്രീ. മോൻസ് ജോസഫ്

(7) ശ്രീ. എ.എ. അസീസ്

(8) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

(9) ശ്രീ. കെ.പി. മോഹനൻ

(10) ശ്രീ. അൽഫോൺസ് കണ്ണന്താനം

(11) ശ്രീ. കെ.സി. രാജഗോപാലൻ

(12) ശ്രീ. ജോർജ് മേഴ്സിയർ

(13) ശ്രീ. വി. ചെന്താമരാക്ഷൻ

(14) ശ്രീ. പി. തിലോത്തമൻ

(15) ശ്രീ. തോമസ് ചാണ്ടി

(16) ശ്രീ. സാജു പോൾ

(17) ശ്രീ. കെ.സി. വേണുഗോപാൽ

ധനാഭ്യർത്ഥന ചർച്ചയ്ക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി മറുപടി പറഞ്ഞു.

കേരളത്തിന്റെ വിവിധ ജില്ലകളിൽ ചിക്കുൻഗുനിയ പിടിപെട്ട് മരണപ്പെട്ടവരെക്കുറിച്ചോ അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെക്കുറിച്ചോ ഗവൺമെന്റ് വിശദീകരിക്കാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ചതിനെത്തുടർന്ന് 3.41–ന് അല്പനേരത്തേക്ക് നിർത്തിവച്ച സഭ 4.13–ന് വീണ്ടും സ്പീക്കറുടെ അദ്ധ്യക്ഷതയിൽ ചേർന്നുവെങ്കിലും ആരോഗ്യവകുപ്പുമന്ത്രിയുടെ വിശദീകരണം തൃപ്തികരമല്ലാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹളംവയ്ക്കുകയും തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിക്കുകയും ചെയ്തു.

ഖണ്ഡനോപക്ഷേപങ്ങൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ധനാഭ്യർത്ഥനകൾ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(2006 ഒക്ടോബർ മാസം 5–ാം തീയതി രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നരം 5.04–ന് പിരിഞ്ഞു.).